>> കവർസ്റ്റോറി

ശൈഖ് മുഹമ്മദ് കാരകുന്ന്

# ആത്മീയത

## വ്യാജനെ തിരിച്ചറിയാൻ

**മനുഷ്യൻ** സന്തോഷിക്കുകയും ദുഃഖിക്കുകയും സ്നേഹിക്കുകയും വെറുക്കുകയും അഭിമാനിക്കുകയും ആശങ്കപ്പെടുകയും ചെയ്യാറുണ്ട്. ഇത്തരം വികാരങ്ങളുടെ സ്രോതസ്സ് ഏതാണ്? ശരീരവും ശാരീരികാവയവങ്ങളുമല്ലെന്നുറപ്പ്. ജീവനുമല്ല. കാരണം, ഉറങ്ങുമ്പോൾ ജീവനുണ്ട്; പക്ഷേ, വികാരങ്ങളനുഭവപ്പെടുന്നില്ല. ശരീരവും ശാരീരികാവസ്ഥയും സുഖദുഃഖങ്ങൾക്ക് കാരണമാകാറുണ്ട്. നാമനുഭവിക്കുന്ന വികാരങ്ങളുടെ പ്രതിഫലനം ശരീരത്തിൽ പ്രകടമാകാറുമുണ്ട്. എങ്കിലും അവയുടെ പ്രഭവകേന്ദ്രം അതല്ല.

ഈ വികാരങ്ങളുടെ സ്രോതസ്സിനെയാണ് നാം സത്ത, സ്വത്വം എന്നൊക്കെ വിശേഷിപ്പിക്കാറുള്ളത്. അഥവാ, ഞാൻ, നാം, നീ, നിങ്ങൾ എന്നൊക്കെ പറയുമ്പോൾ മുഖ്യമായും ഉദ്ദേശിക്കുന്നത് അതിനെയാണ്. മനുഷ്യനിലെ ആത്മാവാണത്. അതും ശരീരവും ചേർന്നതാണ് മനുഷ്യൻ. അതോടൊപ്പം അവയിൽ പ്രധാനം ആത്മാവും ആത്മീയാനുഭവങ്ങളുമാണ്. നമുക്ക് ഏറ്റവും രുചികരവും ഇഷ്ടകരവുമായ ആഹാരം കഴിച്ചാലുണ്ടാവുന്ന സന്തോഷം അത് കഴിച്ച് തീരുന്നതുവരെയാണ്. പരമാവധി ദഹിച്ചുതീരുന്നതുവരെ. എന്നാൽ ആത്മീയാനുഭവങ്ങൾ കൂടുതൽ ശക്തവും ശാശ്വതവുമായിരിക്കും. ഒരു വീട് തീകത്തിയെന്നു സങ്കൽപിക്കുക. അതിൽ ഒരാൾ അകപ്പെട്ട് വെന്തുമരിക്കാൻ പോവുകയാണ്. നാം അതിലേക്ക് ഓടിക്കയറി അയാളെ രക്ഷപ്പെടുത്തി. അപ്പോഴേക്കും നമ്മുടെ ശരീരത്തിനു പൊള്ളലേറ്റു. അങ്ങനെ ശരീരം കഠിനമായി വേദനിക്കുമ്പോഴും നമുക്ക് ദുഃഖവും നിരാശയുമല്ല ഉണ്ടാവുക. മറിച്ച് ആശ്വാസവും സന്തോഷവുമാണ്. അവ അനന്തമായി നിലനിൽക്കുകയും ചെയ്യും. ഊണും ഉറക്കവുമുപേക്ഷിച്ച് രോഗികളെ ശുശ്രൂഷിക്കുമ്പോഴും ആദർശങ്ങൾക്കു വേണ്ടി ശാരീരിക പീഡ അനുഭവിക്കു

**വ്യാജ ആത്മീയത സാമൂഹിക പ്രതിബദ്ധത ഇല്ലാതാക്കുകയും ജനത്തിന്റെ പ്രതികരണശേഷിയെയും വിപ്ലവബോധത്തെയും കെടുത്തിക്കളയുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ പ്രവാചകന്മാരുടെയും പ്രവാചക മതത്തിന്റെയും വിരുദ്ധ ചേരിയിലാണ് എല്ലാ മനുഷ്യ ദൈവങ്ങളും വ്യാജ ആത്മീയ കേന്ദ്രങ്ങളും നിലകൊള്ളുന്നത്. അവ ധ്യാനമോ പൂജയോ മന്ത്രമോ ജ്യോതിഷമോ ദർശനമോ വഴിപാടോ ഭജനയോ ആനന്ദോത്സവമോ നടക്കുന്ന ആശ്രമങ്ങളോ മഠങ്ങളോ ധ്യാന കേന്ദ്രങ്ങളോ ഖാൻ ഗാഹുകളോ മഖ്ബറകളോ മസാറുകളോ ഏതായിരുന്നാലും ശരി.**

മ്പോഴും ആഹ്ലാദവും അനുഭൂതിയുമാണുണ്ടാവുക. വികാരങ്ങളുടെ സ്രോതസ്സായി വർത്തിക്കുന്ന ആത്മാവ് ശരീരത്തിന്റെ ഭാഗമോ അതിന്റെ പ്രവർത്തനഫലമായി ഉണ്ടായതോ ആയിരുന്നുവെങ്കിൽ ശരീരത്തിന്റെ അനുഭവം തന്നെ അതിന്റെയും അനുഭവമാകുമായിരുന്നു. എന്നാൽ സഹജീവിയുടെ ജീവൻ രക്ഷിക്കുമ്പോൾ ശാരീരികവേദനയും പ്രയാസവും അനുഭവിച്ചാലും ആത്മാവിന് സന്തോഷവും സംതൃപ്തിയുമാണുണ്ടാവുക. അതിനാൽ ആത്മാവ് ശരീരത്തോട് ചേർന്നും ബന്ധപ്പെട്ടുമാണുള്ളതെങ്കിലും ശരീരത്തിന്റെ സൃഷ്ടിയോ ഭാഗമോ അല്ല. ആയിരുന്നുവെങ്കിൽ ശരീരം വേദനിക്കുമ്പോൾ ആത്മാവും വേദനിക്കുകയും സുഖമനുഭവിക്കുമ്പോൾ സന്തോഷിക്കുകയും ചെയ്യുമായിരുന്നു. അതോടൊപ്പം സ്വത്വ നിർണയത്തിൽ പ്രധാനം ആത്മാവിനാണ്. അതാണ് ഇരുകാൽ ജന്തുവിനെ മനുഷ്യനാക്കുന്നത്. അല്ലാഹു മലക്കുകളോട് ആദമിന്റെ മുമ്പിൽ സാഷ്ടാംഗം ചെയ്യാൻ കൽപിച്ചത് ആത്മാവിനെ സന്നിവേശിപ്പിച്ച ശേഷമാവാനുള്ള കാരണവും അതു തന്നെ. "അങ്ങനെ ഞാനവനെ രൂപപ്പെടുത്തുകയും എന്റെ ആത്മാവിൽനിന്ന് അവനിലൂതുകയും ചെയ്താൽ നിങ്ങളെല്ലാം അവന് പ്രണാമമർപ്പിക്കുന്നവരായി ത്തീരണം" (ഖുർആൻ 15:29, 38:72).

## നിർവചനാതീതം

ആത്മാവിനെയോ ആത്മീയാനുഭവങ്ങളെയോ നിർവചിക്കാനാവില്ല. യുക്തികൊണ്ട് വിശകലനം ചെയ്യാനും സാധ്യമല്ല. നാം മാതാക്കളെ സ്നേഹിക്കാറുണ്ട്. സഹോദരങ്ങളെയും മക്കളെയും സുഹൃത്തുക്കളെയും സമ്പത്തിനെയും വീടിനെയുമൊക്കെ സ്നേഹിക്കാറുണ്ട്. എന്നാൽ ഇവയോടെല്ലാമുള്ള സ്നേഹം ഒരേവിധമല്ല. ഓരോന്നും വ്യത്യസ്ത സ്വഭാവത്തിലും അനുപാതത്തിലുമാണ്. യുക്തികൊണ്ട് അവയെ വേർതിരിക്കാനോ നിർവചിക്കാനോ കഴിയുകയില്ല. നാം പാമ്പിനെ പേടിക്കാറുണ്ട്. അധ്യാപകരെയും മാതാപിതാക്കളെയും ഭയപ്പെടാറുണ്ട്. എന്നാൽ എല്ലാ ഭയവും ഒരേ പോലെയല്ല. ചില ഭയം ആദരവിൽനിന്നുണ്ടാവുന്നതാണെങ്കിൽ മറ്റു ചിലത് വെറുപ്പിൽനിന്നുണ്ടാവുന്നവയാണ്. അപ്പോൾ ആത്മാവ് മാത്രമല്ല, ആത്മീയാനുഭവങ്ങളും യുക്ത്യാതീതമാണ്. നിർവചനങ്ങൾക്ക് വഴങ്ങാത്തതും. അതാണ് ഖുർആൻ വ്യക്തമാക്കുന്നത്: "ആത്മാവിനെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക:

**സഹജീവിയുടെ ജീവൻ രക്ഷിക്കുമ്പോൾ ശാരീരികവേദനയും പ്രയാസവും അനുഭവിച്ചാലും ആത്മാവിന് സന്തോഷവും സംതൃപ്തിയുമാണുണ്ടാവുക. അതിനാൽ ആത്മാവ് ശരീരത്തോട് ചേർന്നും ബന്ധപ്പെട്ടുമാണുള്ളതെങ്കിലും ശരീരത്തിന്റെ സൃഷ്ടിയോ ഭാഗമോ അല്ല. ആയിരുന്നുവെങ്കിൽ ശരീരം വേദനിക്കുമ്പോൾ ആത്മാവും വേദനിക്കുകയും സുഖമനുഭവിക്കുമ്പോൾ സന്തോഷിക്കുകയും ചെയ്യുമായിരുന്നു.**

ആത്മാവ് എന്റെ നാഥന്റെ വരുതിയിലുള്ള കാര്യമാണ്. വിജ്ഞാനത്തിൽനിന്ന് വളരെ കുറച്ചേ നിങ്ങൾക്ക് നൽകിയിട്ടുള്ളൂ" (17:85).

ബുദ്ധിപരമായ പ്രവർത്തനങ്ങൾക്ക് കണിശതയും കൃത്യതയും ക്രമാനുഗതത്വവുമുണ്ട്. ശാസ്ത്രവും സാങ്കേതികവിദ്യയും ബുദ്ധിപരമാണ്. അതുകൊണ്ടുതന്നെ അവ ക്രമാനുഗതമായി വളരുകയും വികസിക്കുകയും ചെയ്യുന്നു. ഒരു തലമുറയുടെ ശാസ്ത്ര-സാങ്കേതിക പുരോഗതി പിന്നാലെ വരുന്നവരുടെ വളർച്ചക്ക് വഴിയൊരുക്കുകയും അടിസ്ഥാനമായി മാറുകയും ചെയ്യുന്നു. എന്നാൽ കലയും സാഹിത്യവും അങ്ങനെയല്ല. അവയിൽ ഗണിതശാസ്ത്രപരമായ കണിശതയോ ശാസ്ത്രീയമായ കൃത്യതയോ ഇല്ല. ഒരു തലമുറയുടെ മികവ് പിന്നാലെ വരുന്നവർക്ക് കൂടുതൽ മെച്ചപ്പെട്ടവയുടെ നിർമിതിക്ക് നിമിത്തമാകണമെന്നില്ല. ഇന്ത്യയിൽ മഹാഭാരതത്തിനും രാമായണത്തിനും ശേഷം സമാനമോ മികവുറ്റതോ ആയ ഇതിഹാസ കാവ്യങ്ങളുണ്ടായിട്ടില്ല. മൈക്കൽ ആഞ്ചലോയുടെയും പിക്കാസോയുടെയും കലാസൃഷ്ടികൾക്കു ശേഷം അവയെക്കാൾ മെച്ചപ്പെട്ടവ നിർമിക്കപ്പെട്ടിട്ടില്ല. കലയിലും സാഹിത്യത്തിലും കണിശവും കൃത്യവുമായ വളർച്ചയും പുരോഗതിയും ഉണ്ടായിട്ടില്ലെന്നർഥം. മൂല്യങ്ങളുടെ അവസ്ഥയും ഇതുതന്നെ. നല്ലവരായ മാതാപിതാക്കളുടെ മക്കൾ കൂടുതൽ നല്ലവരാകണമെന്നില്ല. സച്ചരിത സമൂഹത്തിന്റെ പിന്മുറക്കാർ കൂടുതൽ സച്ചരിതരാവണമെന്നില്ല, ആയിട്ടുമില്ല. ശാസ്ത്ര-സാങ്കേതിക-ഭൗതിക മേഖലകളിലുണ്ടായതു പോലുള്ള വളർച്ചയും വികാസവും മൂല്യങ്ങളുടെ കാര്യത്തിൽ ഉണ്ടായിരുന്നുവെങ്കിൽ നമ്മുടേത് പരമ പരിശുദ്ധന്മാരുടെ തലമുറ ആകുമായിരുന്നു. കലയും സാഹിത്യവും മൂല്യങ്ങളുമൊക്കെ മനുഷ്യന്റെ വികാരങ്ങൾ പോലെത്തന്നെ ആത്മീയമാണെന്ന് ഇത് അസന്ദിഗ്ധമായി തെളിയിക്കുന്നു.

## ആത്മീയതയുടെ നിരാസം

ശരീരത്തിന് ആഹാര പാനീയങ്ങൾ ആവശ്യമായ പോലെ ആത്മാവിനും ദാഹശമനികൾ അനിവാര്യമാണ്. ശരീരത്തിന്റെ ആരോഗ്യത്തിനും ശുദ്ധിക്കും അതീവ ശ്രദ്ധ അനിവാര്യമായ പോലെ ആത്മാവിന്റെ സംസ്കരണത്തിനും ഉൽക്കർഷത്തിനും തികഞ്ഞ ജാഗ്രത വേണം. ശരീരത്തിന് രോഗസാധ്യതയുള്ളതുപോലെ ആത്മാവിനും അതുണ്ട്. അല്ലാഹു അറിയിക്കുന്നു: "ആത്മാവും അതിനെ ക്രമപ്പെടുത്തിയതും സാക്ഷി. അങ്ങനെ അതിന് ധർമത്തെയും അധർമത്തെയും സംബന്ധിച്ച ബോധം നൽകി. തീർച്ചയായും ആത്മാവിനെ സംസ്കരിച്ചവൻ വിജയംവരിച്ചു. അതിനെ മലിനമാക്കിയവൻ പരാജയമടഞ്ഞു" (91:7-10).

ആധുനിക ഭൗതികദർശനങ്ങളും പ്രത്യയശാസ്ത്രങ്ങളും ആത്മാവിനെ നിഷേധിച്ചു. അതിന്റെ താൽപര്യങ്ങളെ അവഗണിച്ചു. വികാരങ്ങളുടെ സ്രോതസ്സ് മനസ്സാണെന്ന് വാദിച്ചു. മനസ്സ് ശാരീരിക പ്രവർത്തനങ്ങളിലൂടെ രൂപപ്പെട്ടതാണെന്നും. ആത്മാവിനെയും അതിന്റെ താൽപര്യങ്ങളെയും നിരാകരിച്ച ഭൗതികവാദികൾക്ക് ആത്മീയ ദാഹത്തെ ഇല്ലാതാക്കാനായില്ല. അതിന്റെ യഥാർഥ ഉറവയിൽ നിന്ന് ശമിപ്പിക്കാൻ ശ്രമമില്ലാതായപ്പോൾ വ്യാജ കേന്ദ്രങ്ങൾ തേടിപ്പോയി. കേരളത്തിൽ കൂണുകൾ പോലെ വ്യാജ ആത്മീയ കേന്ദ്രങ്ങൾ ഉണ്ടാവാനും അവയിലേക്ക് ജനം ഒഴുകിയെത്താനുമുള്ള മുഖ്യ കാരണങ്ങളിലൊന്ന് ഇതാണ്.

ജീവിതം തിന്നാനും കുടിക്കാനും ഭോഗിക്കാനും സുഖിക്കാനുമുള്ളതാണെന്ന ഭൗതികവീക്ഷണം മനുഷ്യനെ ശാരീരികേഛകളുടെ അടിമയാക്കി. ഫലത്തിൽ സമ്പന്നർക്കും ദരിദ്രർക്കും ഒരേപോലെ മനസ്സമാധാനം നഷ്ടപ്പെട്ടു. അവരും അന്വേഷിച്ചെത്തിയത് ആൾദൈവങ്ങളുടെ അടുത്തും വ്യാജ ആത്മീയ കേന്ദ്രങ്ങളിലുമാണ്. യഥാർഥ ദൈവത്തിൽനിന്നും ആത്മീയതയിൽനിന്നും ഓടിയകന്നതാണല്ലോ അവരുടെ പ്രശ്നങ്ങളുടെ തുടക്കം.

യഥാർഥ ദൈവത്തെയും ആത്മീയതയെയും നിഷേധിച്ചവർ കള്ളദൈവങ്ങളിലും വ്യാജ ആത്മീയതയിലും അഭയം തേടിയതിൽ അത്ഭുതമോ അസ്വാഭാവികതയോ ഇല്ല. ചരിത്രത്തിലുടനീളം സംഭവിച്ചത് അതാണല്ലോ. വ്യാജ ദൈവങ്ങളുടെ വിളയാട്ടവും കപട ആത്മീയതയുടെ കൂത്താട്ടവും നടക്കാത്ത നാടോ കാലമോ വിരളം. എല്ലാ പ്രവാചകന്മാർക്കും 'ലാ ഇലാഹ' എന്ന ദൈവങ്ങളുടെ നിഷേധങ്ങളിൽനിന്ന് ആദർശ പ്രബോധനം ആരംഭിക്കേണ്ടിവന്നത് അതിനാലാണ്. പ്രപഞ്ച സ്രഷ്ടാവും സംരക്ഷകനുമായ സത്യ ദൈവത്തെയും യഥാർഥ ആത്മീയതയെയും പ്രതിനിധീകരിച്ച പ്രവാചകന്മാർക്കും അവരുടെ പാത പിന്തുടർന്നവർക്കും എന്നും എതിരിടേണ്ടിവന്നത് വ്യാജ ദൈവങ്ങളെയാണ്. അവയുടെ പ്രതിനിധാനങ്ങൾ പലതായിരുന്നുവെങ്കിലും.

## വ്യാജനെ തിരിച്ചറിയാൻ

പ്രപഞ്ചത്തിന്റെ സ്രഷ്ടാവും സംരക്ഷകനുമായ സാക്ഷാൽ ദൈവത്തിൽനിന്നാണ് മനുഷ്യർക്ക് ആത്മാവും ആത്മീയതയും ലഭിക്കുന്നത്. ഭൂമിയിൽ ദൈവത്തെ പ്രതിനിധീകരിച്ചത് ദൈവദൂതന്മാരാണ്. അതിനാൽ യഥാർഥ ആത്മീയത പരതേണ്ടത് അവരുടെ ജീവിതത്തിലും അവരുടെ സന്ദേശങ്ങളിലുമാണ്. അവ പരിശോധിക്കുന്ന ആർക്കും യഥാർഥ ആത്മീയതയെയും വ്യാജനെയും വേർതിരിക്കുന്ന പ്രകടമായ അന്തരങ്ങൾ കാണാൻ കഴിയും.

1. യഥാർഥ ആത്മീയതയുടെ വക്താക്കൾ ദൈവികത അവകാശപ്പെടുകയോ അമാനുഷ പരിവേഷമണിയുകയോ ചെയ്തിരുന്നില്ല. എന്നല്ല, തങ്ങൾക്ക് അഭൗതികമായ അറിവോ കഴിവോ ഇല്ലെന്ന് ഉറക്കെയുറക്കെ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

"പറയുക: അല്ലാഹുവിനല്ലാതെ ആകാശഭൂമികളിലാർക്കും തന്നെ അഭൗതിക കാര്യങ്ങളറിയുകയില്ല" (27:65). "പറയുക: എന്റെ വശം അല്ലാഹുവിന്റെ ഖജനാവുകളുണ്ടെന്ന് ഞാൻ നിങ്ങളോട് അവകാശപ്പെടുന്നില്ല. അഭൗതിക കാര്യങ്ങൾ ഞാൻ അറിയുന്നുമില്ല" (6:50, 11:31). ''പറയുക: ഞാൻ എനിക്കുതന്നെ ഗുണമോ ദോഷമോ വരുത്താൻ കഴിയാത്തവനാണ്. അല്ലാഹു ഇഛിച്ചതു മാത്രം നടക്കുന്നു. എനിക്ക് അഭൗതിക കാര്യങ്ങൾ അറിയുമായിരുന്നുവെങ്കിൽ നിശ്ചയമായും ഞാൻ എനിക്കുതന്നെ അളവറ്റ നേട്ടങ്ങൾ കൈവരുത്തുമായിരുന്നു. ദോഷങ്ങൾ എന്നെ ഒട്ടും ബാധിക്കുമായിരുന്നില്ല. എന്നാൽ ഞാനൊരു മുന്നറിയിപ്പുകാരൻ മാത്രമാണ്. വിശ്വസിക്കുന്ന ജനത്തിന് ശുഭവാർത്ത അറിയിക്കുന്നവനും" (7:188). "പറയുക: ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ദൈവം ഏക ദൈവം മാത്രമാണെന്ന് എനിക്ക് ദിവ്യബോധനം ലഭിക്കുന്നുണ്ട്" (18:110, 41:6).

എന്നാൽ എല്ലാ വ്യാജ ആത്മീയ കേന്ദ്രങ്ങളുടെയും ആൾക്കാർ പലവിധ ജാലവിദ്യകൾ കാണിച്ചും കള്ള പ്രചാരണങ്ങൾ നടത്തിയും തങ്ങൾക്ക് അമാനുഷ കഴിവുണ്ടെന്നും ഭാവി പ്രവചിക്കാൻ കഴിയുമെന്നും അഭൗതിക മാർഗത്തിലൂടെ ഗുണദോഷങ്ങൾ വരുത്താൻ സാധിക്കുമെന്നുമുള്ള ധാരണ സൃഷ്ടിക്കാനാണ് ശ്രമിക്കാറുള്ളത്. അങ്ങനെ അവർ ദൈവികതയുടെ പരിവേഷമണിഞ്ഞ് ജനങ്ങളെ ചൂഷണം ചെയ്യുന്നു. അതിനാവശ്യമായ പ്രചാരണങ്ങൾ സംഘടിപ്പിക്കുന്നു.

2. യഥാർഥ ആത്മീയതയുടെ വക്താക്കൾ എന്നും മോഹങ്ങളെ മെരുക്കിയെടുത്തും ആഗ്രഹങ്ങളെ നിയന്ത്രിച്ചും ഇഛകളുടെ മേൽ മേധാവിത്വം പുലർത്തിയും മിതവും ലളിതവുമായ ജീവിതം നയിക്കുന്നവരായിരുന്നു. അവർ ഭൗതികാസക്തരായിരുന്നില്ല. മറിച്ച് ആത്മീയോൽക്കർഷത്തിന് യത്നിക്കുന്നവരായിരുന്നു. അതിനാലാണ് വ്യാജ ദൈവങ്ങളുടെ ആൾക്കാർ അവരോട് ഭൗതിക സൗകര്യങ്ങൾ ഹാജരാക്കാൻ പരിഹാസപൂർവം ആവശ്യപ്പെട്ടത് (ഖുർആൻ 17:90-93).

എന്നാൽ എല്ലാ വ്യാജ ആത്മീയ കേന്ദ്രങ്ങളിലും നാം കണ്ടെത്തുന്നത് സുഖലോലുപരെയും ഭോഗാസക്തരെയുമാണ്. എല്ലാ വ്യാജ ആത്മീയ കേന്ദ്രങ്ങളുടെയും ലക്ഷ്യം ഭൗതിക നേട്ടങ്ങൾ വെട്ടിപ്പിടിക്കലാണ്.

**ആത്മാവിനെയും അതിന്റെ താൽപര്യങ്ങളെയും നിരാകരിച്ച ഭൗതികവാദികൾക്ക് ആത്മീയ ദാഹത്തെ ഇല്ലാതാക്കാനായില്ല. അതിന്റെ യഥാർഥ ഉറവയിൽനിന്ന് ശമിപ്പിക്കാൻ ശ്രമമില്ലാതായപ്പോൾ വ്യാജ കേന്ദ്രങ്ങൾ തേടിപ്പോയി. കേരളത്തിൽ കൂണുകൾ പോലെ വ്യാജ ആത്മീയ കേന്ദ്രങ്ങൾ ഉണ്ടാവാനും അവയിലേക്ക് ജനം ഒഴുകിയെത്താനുമുള്ള മുഖ്യ കാരണങ്ങളിലൊന്ന് ഇതാണ്.**

3. ജനങ്ങൾ യഥാർഥ ആത്മീയ കേന്ദ്രങ്ങളിലെത്തുക സത്യത്തിന്റെയും സന്മാർഗത്തിന്റെയും നീതിയുടെയും നന്മയുടെയും വിജയപാത അന്വേഷിച്ചും മഹിതമായ ജീവിത മൂല്യങ്ങൾ തേടിയും ദൈവത്തിന്റെ പ്രീതിയും പ്രതിഫലവും കാംക്ഷിച്ചുമാണ്.

മറുവശത്ത് എല്ലാ വ്യാജ ദൈവങ്ങളെയും ആത്മീയ കേന്ദ്രങ്ങളെയും ജനം സമീപിക്കുക ശത്രുസംഹാരം, ഉന്നതമായ സ്ഥാനമാനങ്ങൾ, സന്താന സൗഭാഗ്യം, രോഗശമനം, സാമ്പത്തിക വളർച്ച പോലുള്ള ഭൗതിക കാര്യങ്ങൾക്കാണ്. എന്നല്ല, പലപ്പോഴും അത്തരം കേന്ദ്രങ്ങളിലെത്താറുള്ളത് കള്ളന്മാരും കൊലയാളികളും കള്ളക്കച്ചവടക്കാരും മയക്കുമരുന്ന് വ്യാപാരികളും മറ്റുമാണ്. ലക്ഷ്യം അവയിൽനിന്നെല്ലാം പിടി കൊടുക്കാതെ രക്ഷപ്പെടലും.

4. യഥാർഥ ആത്മീയതയെ പ്രതിനിധീകരിക്കുന്നവർ ജീവിത വിശുദ്ധിയും ഉയർന്ന സദാചാര നിഷ്ഠയും കണിശമായ നീതിയും വിട്ടുവീഴ്ചയില്ലാത്ത സത്യസന്ധതയും പുലർത്തുമ്പോൾ, വ്യാജന്മാർ എല്ലാ വൃത്തികേടുകളുടെയും മൊത്തക്കച്ചവടക്കാരാവുകയാണ്. അതുകൊണ്ടുതന്നെ കൊള്ളക്കാരുടെയും കൊലയാളികളുടെയും പെൺ വാണിഭക്കാരുടെയും സ്വവർഗ രതിക്കാരുടെയും ബ്ലൂഫിലിം നിർമാതാക്കളുടെയും വണ്ടിച്ചെക്കുകാരുടെയും ബ്ലാക്ക് മെയിലിംഗുകാരുടെയുമൊക്കെ അവസാനത്തെ അഭയ കേന്ദ്രങ്ങളായി ആൾദൈവങ്ങളുടെ ആസ്ഥാനങ്ങളും വ്യാജ ആത്മീയ സ്ഥലങ്ങളും മാറിയിരിക്കുന്നു. നഗ്ന പൂജ തൊട്ട് വ്യഭിചാരവും കൊലപാതകവും വരെ അവിടങ്ങളിൽ നിർബാധം നടന്നുകൊണ്ടിരിക്കുന്നു.

5. ദൈവദൂതന്മാരും അവരെ പിന്തുടർന്ന പുണ്യ പുരുഷന്മാരും ആൾക്കൂട്ടത്തിൽ അലിഞ്ഞുചേർന്ന് ജീവിച്ചു. അവർക്ക് സാധാരണക്കാരിൽനിന്ന് വ്യത്യസ്തമായ വസ്ത്രങ്ങളോ വേഷവിധാനങ്ങളോ ഭക്ഷണ ക്രമങ്ങളോ ഉണ്ടായിരുന്നില്ല. ജനങ്ങളോട് ഒന്നിച്ചിരുന്നും ഒരുമിച്ച് ഭക്ഷണം കഴിച്ചും ജോലി ചെയ്തുമാണ് അവർ ജീവിച്ചിരുന്നത്. അപരിചിതർക്ക് തിരിച്ചറിയാൻ കഴിയാത്തവിധം നബിതിരുമേനി അവരിൽ ഒരുവനായിരുന്നു. അവിടുന്ന് യുദ്ധത്തിൽ ജനങ്ങളോടൊന്നിച്ച് കിടങ്ങ് കുഴിച്ചു. തന്നെ പ്രത്യേ

കമായി ബഹുമാനിക്കരുതെന്ന് കണിശ തയുണ്ടായിരുന്ന അദ്ദേഹം, അനുയായി കളോട് താൻ വന്നാൽ എഴുന്നേറ്റ് നിൽക്കരുതെന്ന് നിഷ്കർഷിച്ചു.

മറുഭാഗത്ത്, എല്ലാ ആൾദൈവ ങ്ങൾക്കും വ്യാജ ആത്മീയവാദികൾക്കും പ്രത്യേക ഭാഷയും വേഷവും ജീവിത ശൈലിയുമാണ്. അവർ സാധാരണ ജന ത്തിന് അപ്രാപ്യരായി അകലം സൂക്ഷിച്ച് ജീവിക്കുന്നു. ഇല്ലാത്ത കഴിവുകളും സിദ്ധികളും ഉണ്ടെന്ന് വരുത്താൻ അത നിവാര്യമാണല്ലോ.

6. യഥാർഥ ആത്മീയതയെ പ്രതി നിധീകരിക്കുന്നവർ എന്നും എവിടെയും സാമൂഹിക തിന്മകൾക്കും സാംസ്കാരിക ജീർണതകൾക്കും സാമ്പത്തിക കുറ്റ ങ്ങൾക്കും ആത്മീയ ചൂഷണങ്ങൾക്കുമെ തിരെയാണ് നിലകൊള്ളുക. അവർ സാമൂ ഹിക നീതിയുടെ ശക്തരായ വക്താക്ക ളായിരിക്കും. നൂഹ് നബി സാമൂഹിക ഉച്ച നീചത്വത്തിനും ഹൂദ് നബിയും സ്വാലിഹ് നബിയും പൊങ്ങച്ച പ്രകടനത്തിന് ധനം ധൂർത്തടിക്കുന്നതിനും ശുഐബ് നബി തെറ്റായ സമ്പാദ്യ രീതിക്കും ലൂത്വ് നബി ലൈംഗിക കുറ്റങ്ങൾക്കും ഈസാനബി ആത്മീയ ചൂഷണങ്ങൾ നടത്തുന്ന പൗരോഹിത്യത്തിനും എതിരെയാണല്ലോ നിലയുറപ്പിച്ചിരുന്നത്. മുഹമ്മദ് നബിയി ലൂടെ അവതീർണമായ വിശുദ്ധ ഖുർ ആൻ മക്കയിൽ വെച്ചുതന്നെ അവക്കെ ല്ലാമെതിരെ സാമൂഹികനീതിക്കായി ശക്ത മായി വാദിച്ചു.

എന്നാൽ, എല്ലാ ആൾദൈവങ്ങളും വ്യാജ ആത്മീയ കേന്ദ്രങ്ങളും കുറ്റവാളി കൾക്ക് കൂട്ടു നിൽക്കുകയോ കുറ്റകൃത്യ ങ്ങൾക്കു നേരെ ഊമയായ പിശാചുക്ക ളെപ്പോലെ മൗനം പാലിക്കുകയോ ചെയ്യു ന്നു. സ്വാമിമാരും ബാബമാരും അമ്മ മാരും ഭഗവാന്മാരും സിദ്ധന്മാരും ഔലി യാക്കളും തങ്ങന്മാരും ശൈഖന്മാരും ധ്യാന കേന്ദ്രക്കാരും ആനന്ദോത്സവക്കാ രുമെല്ലാം ഇതിൽ തുല്യരാണ്.

7. പ്രവാചകന്മാരും അവരുടെ മാർഗ മവലംബിച്ചവരും മർദിതരുടെയും ചൂഷി തരുടെയും അവശരുടെയും അശരണരു ടെയും കൂടെനിന്ന് അവരുടെ താൽപര്യ ങ്ങൾക്കായി നിലകൊള്ളുകയും അവരുടെ വിമോചനത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഇസ്രാഈല്യരുടെ വിമോചന ത്തിനായി നിലകൊണ്ട മൂസാ നബിയും പൗരോഹിത്യത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിയാൻ ആഹ്വാനം ചെയ്ത ഈസാ നബിയും കാലംകണ്ട മഹാന്മാ രായ വിമോചനപ്പോരാളികളായിരുന്നു. അല്ലാഹുവിന്റെ അന്ത്യദൂതനായ മുഹമ്മദ് നബിയിലൂടെ വിപ്ലവം സാധിച്ചതും, അടി മകളുടെയും അടിച്ചമർത്തപ്പെട്ടവരുടെയും അനാഥരുടെയും അഗതികളുടെയും അവ ശരുടെയും അശരണരുടെയും വിമോചനം തന്നെ.

ചുരുക്കത്തിൽ, യഥാർഥ ആത്മീ യത എക്കാലത്തും നിലയുറപ്പിച്ചത് ഇര കളുടെയും സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും പക്ഷത്താണ്. അവർ പൊരുതിയത് എല്ലാവിധ അതി ക്രമികൾക്കും മർദകർക്കും ചൂഷകർക്കു മെതിരെയും. അങ്ങനെ അത് സത്യത്തി ന്റെയും ധർമത്തിന്റെയും നന്മയുടെയും നീതിയുടെയും സംസ്ഥാപനത്തിനുള്ള നിസ്വാർഥമായ പോരാട്ടത്തിനുള്ള പ്രചോദനമായും ശക്തിസ്രോതസ്സായും വർത്തിക്കുന്നു.

മറുഭാഗത്ത് വ്യാജ ആത്മീയ കേന്ദ്ര ങ്ങളും ആൾദൈവങ്ങളും മർദകർക്കും ചൂഷകർക്കും അക്രമികൾക്കും കുറ്റവാ ളികൾക്കുമെതിരെ വിരലോ നാവോ അന ക്കുകയില്ല. എന്നല്ല, അവരുടെ താൽപ ര്യങ്ങളാണ് സംരക്ഷിക്കുക. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഭീകരകൃത്യ ങ്ങൾക്കും ക്രൂരമായ യുദ്ധങ്ങൾക്കും സാമ്പത്തിക ചൂഷണങ്ങൾക്കുമെതിരെ ആൾദൈവങ്ങളിൽ നിന്നോ വ്യാജ ആത്മീയ കേന്ദ്രങ്ങളിൽനിന്നോ ഒരക്ഷരം പോലും പുറത്തുവരാത്തത് ശ്രദ്ധേയമാ ണ്. ക്രൂരമായ നരഹത്യക്ക് നേതൃത്വം നൽകുന്ന വർഗീയ ഫാഷിസത്തിനെ തിരെ ഒരൊറ്റ ആൾദൈവവും രംഗത്തു വന്നിട്ടില്ലെന്നതും മുതലാളിത്ത വ്യവസ്ഥ യുടെ മനുഷ്യവിരുദ്ധതക്കും ജനവിരു ദ്ധവും പ്രകൃതി വിരുദ്ധവുമായ വികസ നരീതിക്കും എതിരെ ഒരാത്മീയ കേന്ദ്രവും പ്രതികരിച്ചിട്ടില്ലെന്നതും ഏറെ നിരീക്ഷിക്കപ്പെടേണ്ടതാണ്. അതോ ടൊപ്പം വ്യാജ ആത്മീയത സാമൂഹിക പ്രതിബദ്ധത ഇല്ലാതാക്കുകയും ജന ത്തിന്റെ പ്രതികരണശേഷിയെയും വിപ്ല വബോധത്തെയും കെടുത്തിക്കളയു കയും ചെയ്യുന്നു. അതുകൊണ്ടുതന്നെ പ്രവാചകന്മാരുടെയും പ്രവാചക മതത്തി ന്റെയും വിരുദ്ധ ചേരിയിലാണ് എല്ലാ മനുഷ്യ ദൈവങ്ങളും വ്യാജ ആത്മീയ കേന്ദ്രങ്ങളും നിലകൊള്ളുന്നത്. അവ ധ്യാനമോ പൂജയോ മന്ത്രമോ ജ്യോതി ഷമോ ദർശനമോ വഴിപാടോ ഭജനയോ ആനന്ദോത്സവമോ നടക്കുന്ന ആശ്രമ ങ്ങളോ മഠങ്ങളോ ധ്യാന കേന്ദ്രങ്ങളോ ഖാൻ ഗാഹുകളോ മഖ്ബറകളോ മസാ റുകളോ ഏതായിരുന്നാലും ശരി.

smkarakunnu@gmail.com